ജനുവരി – ഏപ്രിൽ 2008 11 12

# ഭാരതീയ വൈദ്യ സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്



## വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്

# രഞ്ജിനീവ്യാഖ്യാനം ;

## ഒന്നാം പതിപ്പിന്റെ ആമുഖം

**ഇ**ത്തരത്തിൽ ഒരു ഗ്രന്ഥം നിർമ്മിക്കുന്നതിനുള്ള അധികാരി ഞാനല്ലെന്നുള്ള പൂർണ്ണമായ ബോധത്തോടുകൂടിത്തന്നെയാണ് ഈ സാഹസത്തിന് ഒരുമ്പെട്ടത്. കേരളത്തിൽ ആര്യവൈദ്യശാസ്ത്രത്തിനു സംഭവിച്ചേക്കാവുന്ന ആത്യന്തിക നാശത്തിൽനിന്ന് അതിനെ രക്ഷിക്കുവാൻ ഏതാണ്ട് ഇതുപോലെയുള്ള ഗ്രന്ഥം കാലത്തിന്റെ ഒരാവശ്യമാണ് എന്ന്, ഏതായാലും, ഞാൻ വിശ്വസിക്കുന്നുണ്ട്. ആ കൃത്യം നിർവ്വഹിക്കുവാൻ മതിയായ യോഗ്യതയുള്ള പണ്ഡിതന്മാർ ചിലരെങ്കിലും കേരളത്തിൽ ഇന്നും അവശേഷിച്ചിട്ടില്ലായ്കയുമില്ല. എന്തുകൊണ്ടോ, അവരാരും ഇതുവരെയും രംഗത്തു വരാതിരിക്കുന്നത് പരിതാപകരമാണെന്നു മാത്രമേ പറയുവാനുള്ളൂ. അവരുടെ അലസതയ്ക്ക് അറുതിവരുത്തുവാനെങ്കിലും ഈ ഗ്രന്ഥം പ്രയോജനപ്പെടുമെങ്കിൽ ഞാൻ കൃതാർത്ഥനാകും.

ആയുർവേദത്തിന് നിലനിർപ്പു വേണമെന്നുണ്ടെങ്കിൽ അത് ജനസാമാന്യത്തിന്റെ വിജ്ഞാനമണ്ഡലത്തിലേയ്ക്ക് ഇറങ്ങിവരികതന്നെ വേണം. ആയുർവേദത്തിലെ തത്ത്വങ്ങളെപ്പറ്റി ഒരു സാമാന്യബോധവും അതിന്റെ ഫലസിദ്ധിയെപ്പറ്റിയുള്ള വിശ്വാസവും അവാചീനകാലഘട്ടംവരെ നിലനിന്നിരുന്നു. വൈദേശികവൈദ്യശാസ്ത്രസമ്പ്രദായങ്ങളുടെ പ്രചണ്ഡമായ പ്രാചുര്യത്തോടൊപ്പം ഭാരതീയമായ

ശാസ്ത്രചിന്താരീതിയുടെ തിരോഭാവവും കൂടി ചേർന്നപ്പോൾ ആ ബോധവും ആ വിശ്വാസവും ഏതാണ്ട് അസ്തമിച്ചമട്ടായിത്തീർന്നു. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വന്നുചേർന്ന സമൂലമായ പരിവർത്തനമാണ് ഇതിന്റെ ഹേതു. ഉദ്യോഗലബ്ധിയാൽ എത്രത്തോളം ആകൃഷ്ടരായാലും, സംസ്കൃതഭാഷ വേണ്ടവിധം അഭ്യസിച്ച് ആയുർവേദപഠനം നിർവ്വഹിക്കുവാൻ എത്രത്തോളം കാലം വിദ്യാർത്ഥികൾപോലും തയ്യാറാവുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. വികലമായ ഭാഷാജ്ഞാനം വികൃതമായ ശാസ്ത്രജ്ഞാനത്തിന്റെ മുന്നോടിയാണ്. ബഹുജനങ്ങൾക്ക് ആയുർവേദത്തിന്റെ സാമാന്യസ്വഭാവം സ്വഭാഷയിൽക്കൂടി ഗ്രഹിക്കാറാവുകയും വിദ്യാർത്ഥികൾക്ക് ശാസ്ത്രപാഠം മാതൃഭാഷവഴി നിർവ്വഹിക്കാറാവുകയും മാത്രമാണ് ഈ ദുഃസ്ഥിതിക്കുള്ള പരിഹാരമാർഗ്ഗങ്ങൾ.

ആധുനികരീതിയിലുള്ള ഒരു പാഠ്യഗ്രന്ഥത്തിന്റെ അഭാവം ഇന്നത്തെ ആയുർവേദാഭ്യസനത്തിലെ വലിയൊരു ന്യൂനതയാണ്. ഒന്നുകിൽ പ്രാചീനഗ്രന്ഥങ്ങൾ അവയുടെ നിർമ്മാതാക്കളായ ആചാര്യൻമാർ ഏതുവിധത്തിൽ പഠിക്കുവാനും, പഠിപ്പിക്കുവാനും ഉദ്ദേശിച്ചാണോ നിർമ്മിച്ചിട്ടുള്ളത് ആവിധത്തിൽ തന്നെ അവയെ കൈകാര്യം ചെയ്യണം. കാലസ്ഥിതിക്ക് അത് അപ്രായോഗികമാണെങ്കിൽ ആധുനികപാഠ്യഗ്രന്ഥങ്ങളുടെ മാതൃകയിൽ സമഗ്രവും വിശദവുമായ ഒരു വിസ്തൃതഗ്രന്ഥം കൂടിയേ കഴിയൂ. ഗുരുകുല സമ്പ്രദായം നിയമംവഴി തന്നെ നിഷ്കാസിതമായിരിക്കുകയാണല്ലോ. വർഷങ്ങളോളം ആചാര്യന്റെ അന്തേവാസിയായി വർത്തിച്ച് ഓരോ പദത്തിന്റേയും ആന്തരാർത്ഥം ഗുരുമുഖത്തുനിന്നും ഗ്രഹിക്കുകയും ആയുർവേദത്തിന് പ്രത്യേകമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ചിന്താരീതി നിതാന്തസമ്പർക്കംകൊണ്ട് പരിശീലിക്കുകയും ചെയ്യുകയെന്നുള്ളത് കലാലയത്തിലെ ക്ലാസുകളിൽ നടക്കുന്ന പ്രസംഗപരമ്പരകളിൽനിന്ന് കൈവരിക്കാവുന്ന ഒന്നല്ല. വ്യക്ത്യധിഷ്ഠിതമായ അന്നത്തെ പഠനം അച്ചടി നടപ്പില്ലാത്ത ഒരു കാലഘട്ടത്തിലേക്കു യോജിച്ചതുതന്നെ.

ഒരു പുരുഷായുസ്സു മുഴുവൻ യത്നിച്ചാലും ആധുനികരീതിയിലുള്ള വിസ്തൃതമായ ഒരു ഗ്രന്ഥം താളിയോലയിൽ എഴുതിത്തീർക്കുകയോ, പകർത്തിയെടുക്കുകയോ ചെയ്യുന്നത് കേവലം അസാദ്ധ്യമാണ്. അതു കൊണ്ട് ഗ്രന്ഥങ്ങൾ പരമാവധി സംഗ്രഹരൂപത്തിലാക്കുന്നതിന് ഗ്രന്ഥ കാരന്മാരും, പാരമ്പര്യസിദ്ധവും സ്വായത്തവുമായ വിപുലവിജ്ഞാനം സാവധാനം പകർന്നുകൊടുക്കുന്നതിന് ആചാര്യന്മാരും നിഷ്കർഷി ച്ചുവന്നു. ഗുരുകുലവാസകാലത്തുത്തന്നെ നാൽപ്പതുവട്ടം അഷ്ടാം ഗഹൃദയം പഠിപ്പിച്ചിട്ടുള്ളവനെ മാത്രമേ യഥാർത്ഥചികിത്സകനായി ഒരുകാലത്ത് കേരളം അംഗീകരിച്ചിരുന്നുള്ളൂവെന്ന് കേട്ടിട്ടുണ്ട്. വേഗ ത്തിന്റേതായ ഇന്നത്തെ 'സ്പേസ് യുഗ'ത്തിലേക്ക് ഈ പാരമ്പര്യം പറിച്ചുനടുന്നത് പരമ അബദ്ധമാണ്.

ആധുനിക വൈദ്യശാസ്ത്രത്തിന്റെ പാഠ്യഗ്രന്ഥങ്ങളെ സംബ ന്ധിച്ചിടത്തോളം മാർഗ്ഗനിർദ്ദേശവും സംശയപരിഹാരവും മാത്രമേ അദ്ധ്യാപകന് കാര്യമായി ചെയ്യേണ്ടതുള്ളൂ. അവ അത്രത്തോളം സമ ഗ്രവും സ്പഷ്ടവും അടുത്ത ഭൂതകാലം വരെ ആവിഷ്കൃതമായ വിജ്ഞാനങ്ങളെ ഉൾക്കൊള്ളുന്നതുമായിരിക്കും. പ്രത്യേകവിഷയ ങ്ങളിലുള്ള ഉപരിപഠനങ്ങൾക്കു മാത്രമേ സാമാന്യമായി അന്യഗ്രന്ഥ ങ്ങളെ ആശ്രയിക്കേണ്ടിവരികയുള്ളൂ. ആയുർവേദത്തെ സംബന്ധി ച്ചിടത്തോളം അതുപോലുള്ള കേവല ഗദ്യഗ്രന്ഥംകൊണ്ടുമാത്രം ശാസ്ത്രപഠനം സുഗമമാകുമെന്നു കരുതിക്കൂടാ. ഭാരതീയശാസ്ത്ര ങ്ങളെ ഏതാണ്ടെല്ലാം തന്നെ ബാധിക്കുന്ന ഒരു സാമാന്യതത്ത്വമാ ണത്. പ്രത്യേകിച്ചും ആയുർവേദം വസ്ത്വധിഷ്ഠിതത്തേക്കാൾ കൂടു തൽ ഗുണാധിഷ്ഠിതമാണ്. ബ്രഹ്മാണ്ഡവ്യാപികളായ ത്രിഗുണങ്ങൾ പഞ്ചഭൂതാത്മകമായ ശരീരത്തിൽ എങ്ങനെ കാര്യകാരിയായി തീരു ന്നുവെന്ന് നിഷ്കൃഷ്ടമായി നടത്തിയ ചിന്തയുടെ സന്തതിയാണ് ആ ശാസ്ത്രം. ദ്രവ്യങ്ങളെ കേവലവസ്തുക്കളായിട്ടല്ല ഗുണങ്ങളുടെ സങ്കേതങ്ങളായിട്ടാണ് അതിൽ ഗണിച്ചിരിക്കുന്നത്. ദ്രവ്യത്തെ വില യിരുത്തുന്നത് അതിന്റെ പഞ്ചഭൗതികസ്വഭാവത്തെയും, ഗുണം രസം

വീര്യം വിപാകം പ്രഭാവം എന്നീ ശക്തിവിശേഷങ്ങളെയും അവലംബിച്ചാണ് ; അതിന്റെ ആണവഘടനയെയോ ഘടകവസ്തുക്കളെയോ ഗണിച്ചിട്ടല്ല. സൂക്ഷ്മദർശിനി മുതലായ ഏതു ശാസ്ത്രീയോപകരണങ്ങൾക്കും ഈ ഗുണങ്ങളും ശക്തികളും വിധേയങ്ങളുമല്ല. പ്രത്യക്ഷബോധത്തിനു വിഷയമല്ലാതെ, അനുഭവഗോചരങ്ങളെങ്കിലും അനുമാനസിദ്ധങ്ങൾ മാത്രമായ ഇവയ്ക്ക് തത്ത്വദ്രഷ്ടാക്കളായ ആചാര്യന്മാർ കൊടുത്തിട്ടുള്ള വിവരണങ്ങൾ തന്നെയാണ് പ്രമാണം. ഈ ഗുണങ്ങൾക്കും അവയുടെ ലക്ഷണങ്ങൾക്കും മനസ്സിൽ സ്ഥിരപ്രതിഷ്ഠ കിട്ടണമെങ്കിലും ആവശ്യമുള്ള സന്ദർഭങ്ങളിൽ സ്മരണയിൽ ഉദിക്കണമെങ്കിലും പദ്യരൂപത്തിലോ സൂത്രരൂപത്തിലോ ഹൃദിസ്ഥമാക്കുക മാത്രമേ മാർഗ്ഗമുള്ളൂ. ഭാരതീയ ശാസ്ത്രജ്ഞന്മാർ മേൽപ്പറഞ്ഞ രണ്ട് ഉപായങ്ങളെയും ആശ്രയിക്കുവാനുള്ള കാരണവും ഇതു തന്നെയാണ്. പ്രതിപാദനരീതി എത്രത്തോളം ആധുനികമാക്കിയാലും പഠനവിഷയത്തിൽ സുഗമമായ ഈ പന്ഥാവ് ഉപേക്ഷിക്കുന്നതിൽ ന്യായീകരണമൊന്നുമില്ല. ഇക്കാരണം കൊണ്ടാണ് അഷ്ടാംഗഹൃദയകാരികകളെ പശ്ചാത്തലത്തിൽ നിർത്തി വ്യാഖ്യാനംകൊണ്ട് ആധുനിക പാഠ്യഗ്രന്ഥങ്ങളുടെ സ്വരൂപം വരുത്തുവാൻ ഈ ഗ്രന്ഥത്തിൽ യത്നിച്ചിട്ടുള്ളത്. അഷ്ടാംഗഹൃദയം, പരമാർത്ഥത്തിൽ, ആയുർവേദത്തിന്റെ ഒരു പ്രാഥമികപാഠ്യഗ്രന്ഥം മാത്രമാണ്. ആയുശ്ശാസ്ത്രമഹാംബുധി കടഞ്ഞെടുത്തിട്ടുള്ള സത്താണ് അത്. ശാസ്ത്രത്തിന്റെ സമഗ്രജ്ഞാനത്തിന് 'അതിവിപ്രകീർണ്ണ'ങ്ങളായ ഇതരസംഹിതകളെ അവലംബിക്കുകതന്നെ വേണം. ആ ഗ്രന്ഥതല്ലജങ്ങളിൽ ഭൂരിഭാഗവും ഇന്നു നഷ്ടപ്പെട്ടുപോയിരിക്കുന്നു. ലബ്ധമായവയിൽനിന്ന് അതതുസന്ദർഭങ്ങൾക്കുചിതമായ വിധത്തിൽ ഉദ്ധരിച്ചു വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

പഠിതാക്കളുടെ പ്രകൃതത്തിനനുസരിച്ചല്ലാതെ പാഠ്യഗ്രന്ഥം രചിക്കുന്നതു നിഷ്ഫലമാണ്. പഴയ സമ്പ്രദായമനുസരിച്ച് തർക്കവേദാന്താദിശാസ്ത്രങ്ങളിൽ സാമാന്യപരിചയം സിദ്ധിച്ചവരല്ല ഇന്ന്

ആയുർവേദകലാലയങ്ങളിൽ പ്രവേശിക്കുന്നത്. കെമിസ്ട്രിയും, ബോട്ടണിയും, സുവോളജിയും മറ്റും പഠിച്ചു പാസ്സായവർ പെട്ടെന്ന് ആയുർവേദത്തിന്റെ ലോകത്തിലേക്കു കടന്ന് ത്രിഗുണങ്ങളിലും പഞ്ചഭൂതങ്ങളിലും സമവായികാരണത്തിലും മറ്റും ചെന്നുമുട്ടി അന്തംവിട്ടു നിൽക്കുകയാണ്. ഒറ്റനോട്ടത്തിൽ, അവർ അന്നുവരെ സഞ്ചരിച്ച വിജ്ഞാനശാഖകളുമായി പുലബന്ധംപോലുമില്ലാത്ത ഒരു മേഖലയിൽ വഴിതെറ്റി വന്നതായ പ്രതീതിയുണ്ടാകുന്നു. പശ്ചാത്തലത്തിന്റെ ഈ പ്രകൃതഭേദം അവരെ നിരാശരും നിരുന്മേഷികളും അവിശ്വാസികളുമാക്കി മാറ്റുന്നു. ആയുർവേദത്തിന്റെ ശാസ്ത്രീയതയിൽ തന്നെ അവർ സംശയാലുക്കളായിത്തീരുന്നു. അവർക്കു ശാസ്ത്രവിശ്വാസമുണ്ടാകുവാൻ 'ആർഷ'മെന്ന വിശേഷണം മാത്രം പോര. ശാസ്ത്രവിശ്വാസം കൊണ്ടേ ശാസ്ത്രപ്രതിപത്തിയുണ്ടാവൂ. ശാസ്ത്രപ്രതിപത്തിയില്ലെങ്കിൽ ആത്മവിശ്വാസവും ആത്മാർത്ഥതയും നഷ്ടപ്പെടുകയും ചെയ്യും. ചുരുക്കത്തിൽ, ഒരു ശാസ്ത്രജ്ഞനു വേണ്ടുന്ന ഗുണങ്ങളുടെ നിഷേധമാണ് സംഭവിക്കുന്നത്. ഉപജീവനമാർഗ്ഗമെന്ന ഏകലക്ഷ്യത്തിൽ ദൃഷ്ടിയുറപ്പിച്ച്, പല ജാലവിദ്യകളും കാട്ടി, പരീക്ഷയെന്ന കടമ്പ കയറിക്കടക്കുന്നതുകൊണ്ട് അവനവനോ ലോകത്തിനോ ഒരുത്കർഷവും വരുന്നതല്ല. ഈ ദുരവസ്ഥയ്ക്ക് ഒരു പരിഹാരമാർഗ്ഗം കണ്ടെത്തിയേ തീരു. സത്യത്തിന്റെ അസ്തിവാരത്തിൽ കെട്ടിപ്പടുത്ത സൗധമാണ് ശാസ്ത്രമെങ്കിൽ ഏതു ശാസ്ത്രത്തിന്റെയും അന്തഃസത്ത ഒന്നു തന്നെയാവാനേ മാർഗ്ഗമുള്ളൂ. പഠിതാക്കൾക്കു പാരമാർത്ഥ്യബോധം ലഭിക്കുന്ന വിധത്തിൽ ശാസ്ത്രതത്ത്വങ്ങൾ പ്രതിപാദിക്കുകയാണ് വേണ്ടത്. ആ വഴിയ്ക്കുള്ള ഒരെളിയ ശ്രമവും ഈ ഗ്രന്ഥത്തിൽ നടത്തിയിട്ടുണ്ട്.

അഷ്ടാംഗഹൃദയത്തിലെ ദ്രവ്യഗുണപാഠവിഭാഗം അത്യന്തം ഹ്രസ്വവും ചികിത്സാവിഷയത്തിൽ തീരെ അപര്യാപ്തവുമാണ്. പ്രകൃതിചികിത്സയുടെ വക്താവായ ആചാര്യൻ ദ്രവ്യങ്ങളുടെ ആഹാരവിഷയകമായ പ്രാധാന്യത്തിലാണ് കൂടുതൽ ഊന്നു കൊടുക്കുന്നത്.

അവയുടെ ഔഷധരൂപേണയുള്ള പ്രയോഗത്തിന്റെ വിഷയത്തിൽ വിപുലമായ ഉപരിപഠനം അത്യന്താപേക്ഷിതമാണ്. ഔഷധദ്രവ്യവിജ്ഞാനീയ (Materia Medica) ത്തിന് പാശ്ചാത്യവൈദ്യശാസ്ത്രത്തിൽ സുപ്രധാനമായ സ്ഥാനമാണുള്ളത്. ആ പ്രാധാന്യം അസ്ഥാനത്തല്ലതാനും. ആ വിഷയത്തിൽ വിപുലമായ പഠനം നടത്തിയ നിഘണ്ടുനിർമ്മാതാക്കൾക്കു പ്രാചീനഭാരതത്തിൽ ഒരു ക്ഷാമവുമുണ്ടായിരുന്നില്ല. ആയുർവേദതത്വങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ ആ പഠനം നടത്തിയിട്ടുള്ളതും. ഇദാനീന്തനങ്ങളായ നിരീക്ഷണപരീക്ഷണങ്ങളും ഈ ജ്ഞാനത്തെ വളരെയധികം പോഷിപ്പിച്ചിട്ടുണ്ട്. ഈ രണ്ടു സമീപനങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹദ്ഗ്രന്ഥം ആയുർവേദത്തിന്റെ അടിയന്തരാവശ്യങ്ങളിൽ ഒന്നാണ്. ദ്രവ്യത്തെ സമഗ്രമായി പഠിക്കാതെ പ്രയോഗിക്കുന്ന ചികിത്സ അഭിലഷണീയമല്ല തന്നെ. അഷ്ടാംഗഹൃദയം അഞ്ചും ആറും അദ്ധ്യായങ്ങളിൽ പറയപ്പെട്ടിട്ടുള്ള ദ്രവ്യങ്ങളെ പറ്റി ഇത്തരത്തിൽ ചുരുങ്ങിയ തോതിലുള്ള ഒരു പഠനവും നടത്തിയിട്ടുണ്ട്. 'പിഴയ്ക്കാത്ത ചികിത്സയ്ക്ക്' ഒഴിവാക്കാൻ വയ്യാത്തതാണ് അത്. ഔഷധങ്ങളുടെ സംസ്കൃതനാമങ്ങൾക്ക് ഇന്ന് നിലവിലിരിക്കുന്ന അർത്ഥകൽപ്പനകൾ വളരെയധികം ചിന്താർഹമാണ്. പല പരമ്പരകളായി ഗതാനുഗതികത്വേന സ്വീകരിച്ചുവരുന്നവയെന്നല്ലാതെ ആ വിവർത്തനങ്ങളുടെ ഉത്പത്തിയേയോ സാധുതയേയോ പറ്റി കൂടുതലൊന്നും പറയുവാൻ കാണുന്നില്ല. കേരളത്തിലെ പ്രസിദ്ധിപെറ്റ വ്യാഖ്യാതാക്കളുടെ ചിന്താസരണികളും ഈ വിഷയത്തിൽ ആകൃഷ്ടമായിട്ടില്ല എന്നു മാത്രമല്ല, അല്പം ലാഘവബുദ്ധിയോടുകൂടിത്തന്നെ കുറേയേറെ മനോധർമ്മങ്ങൾ അവർ കടത്തിവിട്ടിട്ടുമുണ്ട്. വിവർത്തനം ചെയ്യാതെ ഒരു പദവും വിടരുതെന്ന നിർബന്ധബുദ്ധിയുടെ ഫലമാണിത്. 'ചെന്നെല്ല്'ന്നു പരിഭാഷയുള്ള ശാലിവർഗ്ഗത്തിൽപ്പെട്ട നെല്ലുകൾത്തന്നെ കേരളത്തിലില്ല. എന്നിട്ടും 'കിളികോരിച്ചെന്നെല്ലും' 'ഇട്ടൂരിച്ചെന്നെല്ലു'മൊക്കെ വ്യാഖ്യാനങ്ങളിൽ സ്വതന്ത്രമായി വിഹരി

ക്കുന്നു. 'ശകുനങ്ങളാൽ (കിളികളാൽ) ആഹൃദമായത് (കൊണ്ടുവരപ്പെട്ടത്) എന്ന വിഗ്രഹാർത്ഥത്തെ ആസ്പദമാക്കി ഒരു രസികശിരോമണിയുടെ മനോധർമ്മവിലാസമെന്നേ ഇതിനെ പറഞ്ഞുകൂടൂ. ഔഷധരൂപേണ പ്രചുരപ്രചാരത്തിലിരിക്കുന്ന ദ്രവ്യങ്ങളുടെ കാര്യത്തിലും വളരെയധികം വിപ്രതിപത്തിക്ക് അവകാശമുണ്ട്. 'ലക്ഷ്മണ' എന്ന ഔഷധം തിരുതാളിയായിട്ടാണ് കേരളത്തിൽ സ്ഥാനമുറപ്പിച്ചിട്ടുള്ളത്. പക്ഷെ, അത് കിഴങ്ങോടുകൂടിയ ഒരു ചെടിയാണെന്നും, ഇലകളിന്മേൽ ചുവന്ന പുള്ളികൾ കാണാമെന്നും പ്രാചീനനിഘണ്ടുക്കളിൽ സ്പഷ്ടമായി ലക്ഷണം പറഞ്ഞുകാണുന്നു. ഈ ലക്ഷണങ്ങളൊന്നുംതന്നെ ഇന്ന് നിലവിലിരിക്കുന്ന തിരുതാളിക്കു യോജിക്കുന്നതല്ല. നിശ്ചയമായും ഒരു ചികിത്സാഗ്രന്ഥത്തിൽ നിസ്സാരമായി ഗണിക്കേണ്ടുന്ന വിഷയമല്ല ഇത്. മൂലഗ്രന്ഥത്തിൽ പറയപ്പെട്ടിട്ടുള്ള ദ്രവ്യങ്ങൾ വിവേചിച്ചറിയുവാനുള്ള ഒരു ശ്രമം ഈ ഗ്രന്ഥത്തിൽ ചെയ്തിട്ടുണ്ട്. മഹാപണ്ഡിതനും സ്വർഗ്ഗസ്ഥനുമായ ശ്രീ. വലപ്പാട്ടു കെ.എം.വൈദ്യരുടെ 'അഷ്ടാംഗഹൃദയകോശം' ഈ പരിശ്രമത്തിൽ ബഹുദൂരം സഹായകമായിട്ടുണ്ടെന്ന് കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളുന്നു. വിവർത്തനം സംശയാസ്പദമായ ഘട്ടങ്ങളിൽ മൂലഗ്രന്ഥപദങ്ങൾ തന്നെ പ്രയോഗിച്ചു വിരമിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ പരിശ്രമം കുറ്റമറ്റതാണെന്ന് ലവലേശം അഭിമാനിക്കുന്നില്ല. പണ്ഡിതന്മാരുടെ സത്വരശ്രദ്ധപതിയേണ്ടുന്ന ഒരു വിഷയമാണിത്.

അഷ്ടാംഗഹൃദയം മലയാളഭാഷയിലൂടെ പഠിക്കുവാൻ സൗകര്യപ്പെടുത്തുകയെന്നതാണ് ഈ ഗ്രന്ഥനിർമ്മിതിയുടെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്നെന്ന് ആദ്യമേ പറഞ്ഞിട്ടുണ്ടല്ലോ. മൂലഗ്രന്ഥത്തിനു പൂർണ്ണമായ ഒരു വിവർത്തനവും ഭാഗികമായ ഒരു വിവർത്തനവും അച്ചടിച്ചുകണ്ടിട്ടുണ്ട്. മിക്കവാറും ഓരോ മൂലശ്ലോകവും രണ്ടോ അതിലധികമോ പദ്യങ്ങൾകൊണ്ടാണ് അവയിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്. പദ്യങ്ങളുടെ സംഖ്യവർദ്ധിക്കുംതോറും മനഃപാഠമാക്കുവാനുള്ള ക്ലേശവും വർദ്ധിക്കാതെ സാദ്ധ്യമല്ലല്ലോ. മാത്രമല്ല, ഈ

സംഖ്യാവർദ്ധനയ്ക്കുശേഷവും അർത്ഥാവബോധത്തിന് മൂലഗ്രന്ഥ വ്യാഖ്യാനങ്ങളെ അഭയംപ്രാപിക്കേണ്ട ഗതികേടാണ് അനുഭവപ്പെടുന്നതും. ഗ്രന്ഥത്തിന്റെ ശാസ്ത്രീയസ്വഭാവം നഷ്ടപ്പെടുന്ന കാര്യം വേറെയും. മാത്രാലാഭത്തെ പുത്രലാഭംപോലെ ഗണിക്കുന്ന വാചസ്പതിയായ ഒരു മഹാകവി, മനഃപൂർവ്വം യത്നിച്ച്, സംസ്കൃതഭാഷയ്ക്കു സ്വായത്തമായ എല്ലാ സൗകര്യങ്ങളും ഉപയോഗിച്ച്, സൂത്രരൂപത്തിൽ സംഗ്രഹിച്ചുനിർമ്മിച്ചിട്ടുള്ള പദ്യങ്ങളെ അത്രയും മാത്രം അക്ഷരങ്ങളിൽ, വചനവിഭക്തിപ്പൊരുത്തങ്ങൾക്കും യഥേഷ്ടാന്വയങ്ങൾക്കും മറ്റും സ്ഥാനമില്ലാത്ത മലയാളഭാഷയിൽ വിവർത്തനം ചെയ്കയെന്നുള്ളത് ഭാഷാപരമായ ഒരു ഞാണിന്മേൽ കളിയാണ്. വ്യാഖ്യാനദ്വാരാ ഒരിക്കൽ അർത്ഥം ഗ്രഹിച്ചതിനുശേഷം വീണ്ടും വായിക്കുമ്പോൾ ക്ലിഷ്ടത അനുഭവപ്പെടാതെ കഴിയണമെന്നു മാത്രമേ വിവർത്തകൻ ആഗ്രിച്ചിട്ടുള്ളൂ. ഈ കഠിനയത്നത്തിൽ ചില്ലറ പരിക്കുകൾ പറ്റിപ്പോയിട്ടുണ്ടെങ്കിൽ ഭാഷാഭിമാനികൾ മാപ്പുതരണം. സംസ്കൃതഭാഷാഭിജ്ഞൻമാർക്കും മൂലഗ്രന്ഥപദ്യങ്ങൾ വ്യാഖ്യാനാപേക്ഷകൂടാതെ മനസ്സിലാക്കുകയെന്നത് ദുഷ്ക്കരമാണ്. സൂത്രവാക്യങ്ങളുടെ നിജസ്വഭാവമാണത് ; ആ സ്വഭാവം വിവർത്തിതപദ്യങ്ങളെയും ബാധിക്കാതെ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ, മലയാളഭാഷയിൽ സാമാന്യവ്യുത്പത്തിയുള്ളവരെ മാത്രമേ ഈ ഗ്രന്ഥത്തിന് അധികാരികളായി ഗണിച്ചിട്ടുള്ളൂ. മൂലഗ്രന്ഥത്തിലെ സാങ്കേതികാർത്ഥമുള്ള പദങ്ങൾ അതേ രൂപത്തിൽ തന്നെ നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. അല്ലെങ്കിൽ ഭാരതത്തിലെ ഇതരഭാഗങ്ങളിലെ ശാസ്ത്രജ്ഞൻമാരിൽനിന്ന് കേരളീയവിദ്യാർത്ഥി ഒറ്റപ്പെട്ടുപോയെന്നുവരും. ശമനദ്രവ്യം കോപനദ്രവ്യം വിപാകം പ്രഭാവം മുതലായ പദങ്ങൾ ഇതിനുദാഹരണങ്ങളാണ്.

"ശമനം കോപനം സ്വസ്ഥഹിതം ദ്രവ്യമിതി ത്രിധാ" എന്ന മൂല്യപദത്തെ,

"ഏറ്റും പോക്കും സ്വാസ്ഥ്യമേകും ദ്രവ്യമിങ്ങനെ മുവ്വിധം" എന്നോ

മറ്റോ വിവർത്തനം ചെയ്യുന്നതായാൽ അത് ഈ സാമാന്യതത്ത്വത്തിന്റെ നിഷേധമായിരിക്കും. സംസ്കൃതം കേരളീയർക്ക് ഇന്നും അന്യഭാഷയായിത്തീർന്നിട്ടില്ലല്ലോ. അന്യഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങളും ഒട്ടുമുക്കാലും വിവർത്തനം ചെയ്താണു കൊടുത്തിരിക്കുന്നത്. വൃത്താനുവൃത്തവിവർത്തനം അവിടെയും ഏതാണ്ട് മുഴുവനുംതന്നെ സ്വീകരിച്ചിരിക്കുന്നു. സംസ്കൃതഭാഷയിൽത്തന്നെ ആയുർവേദം അദ്ധ്യയനം ചെയ്തിട്ടുള്ളവർക്കും ചെയ്യുന്നവർക്കും ഈ വ്യാഖ്യാനം ഉപകാരപ്രദമാകുമെങ്കിൽ ആകട്ടെ എന്ന ഉദ്ദേശത്തോടുകൂടി ഇവയുടെ മൂലശ്ലോകങ്ങൾ അടിക്കുറിപ്പായി ചേർത്തിട്ടുമുണ്ട്.

സൂത്രസ്ഥാനത്തിന്റെ വിവർത്തനവും വ്യാഖ്യാനവും പ്രസിദ്ധീകരിക്കുവാൻ മാത്രമേ ഗ്രന്ഥകാരന് തൽക്കാലം ഉദ്ദേശമുള്ളൂ. ആയുർവേദത്തിന്റെ അധിഷ്ഠാനതത്ത്വങ്ങളെല്ലാം ഈ സ്ഥാനത്തിൽ അടങ്ങിയിട്ടുണ്ടല്ലോ. രോഗപ്രതിരോധത്തിനും ആയുർദൈർഘ്യത്തിനുംവേണ്ടി സാമാന്യജനങ്ങൾ അറിഞ്ഞിരിക്കേണ്ട ആയുർവേദോപദേശങ്ങൾ അടങ്ങിയ ആദ്യത്തെ ആറ് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പ്രഥമസമ്പുടം. മറ്റു സ്ഥാനങ്ങളുടെയും വിവർത്തനം സമഗ്രമായ വ്യാഖ്യാനത്തോടുകൂടി രചിച്ചാൽ മാത്രമേ ആയുർവേദപാഠ്യഗ്രന്ഥമെന്ന ആശയം സഫലീകൃതമാവുകയുള്ളൂ. അതിബൃഹത്തായ ആ കൃത്യത്തിന് പണ്ഡിതന്മാരുടെ സംഘടിതമായ യത്നം അനിവാര്യമാണ്. അത്തരം ഒരു ഗ്രന്ഥം പൂർത്തിയാകുവാൻ ഏതാണ്ട് ഇരുപതുവാല്യങ്ങൾ വേണ്ടിവന്നേക്കാം. പ്രധാനമായും സങ്കലനക്രിയ മാത്രമേ അവയുടെ വ്യാഖ്യാനത്തിന് ആവശ്യമാകുകയുള്ളുവെന്നത് ഒരാശ്വാസമാണ്. രോഗനിദാനത്തെയും ക്രിയാക്രമങ്ങളെയും സംബന്ധിച്ചിടത്തോളം പല സെമിനാറുകളിലും അവതരിപ്പിച്ചിട്ടുള്ള ചർച്ചകളും പ്രബന്ധങ്ങളും ഉപയോഗപ്പെടുത്താം. ചികിത്സാവിഷയത്തിൽ മുദ്രിതഗ്രന്ഥങ്ങൾതൊട്ട് അപ്രസിദ്ധീകൃതങ്ങളായ താളിയോലഗ്രന്ഥങ്ങൾവരെയുള്ളവ പരിശോധിച്ച് ഉപയോഗപ്രദങ്ങളായ വിധികളെല്ലാം സമാഹരിക്കേണ്ടതുണ്ട്. കേരളത്തിൽ ചികി

ത്സാവിഷയകമായി നടത്തിയിട്ടുള്ള ഗവേഷണങ്ങളുടെ രേഖകളാണ് ഭാഷാവൈദ്യഗ്രന്ഥങ്ങൾ എന്നു മറക്കരുത്. വൃദ്ധവൈദ്യന്മാരുടെ അനുഭവങ്ങൾ പലതും അവരോടൊപ്പം മൺമറഞ്ഞുകഴിഞ്ഞു. ഇന്നു സാധിക്കാവുന്നിടത്തോളമെങ്കിലും രേഖപ്പെടുത്തിവെക്കുവാൻ യത്നിക്കുകതന്നെ വേണം. അതതുവിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ സംഘടിതമായ ഇത്തരമൊരു മഹായത്നത്തിന് പ്രചോദനം നൽകുവാൻ ഈ ഗ്രന്ഥം സഹായകമാകുമെങ്കിൽ ഗ്രന്ഥകാരൻ കൃതകൃത്യനായി. അതു മാത്രമാണ് ഈ ഗ്രന്ഥത്തിന്റെ പരമമായ ലക്ഷ്യം. അഭിജ്ഞലോകത്തിന്റെ അനുഗ്രഹാശിസ്സുകളാണ് ഇതിനു ലഭിക്കുന്നതെന്നപക്ഷം സൂത്രസ്ഥാനത്തിന്റെ ബാക്കി ഭാഗവും പ്രസിദ്ധീകരിക്കണമെന്ന് ആഗ്രഹമുണ്ട്.

ശ്രീ. വി.സി. കൃഷ്ണൻ ഭട്ടതിരിപ്പാടെന്ന ഉത്ഥാനശാലിയും വാസനാകവിയും സഹൃദയനുമായ യുവാവിന്റെ ആത്മാർത്ഥവും സ്നേഹമസൃണവും നിഷ്കാമവും നിരന്തരവുമായ സഹകരണം ലഭിച്ചില്ലായിരുന്നുവെങ്കിൽ ഈ ഗ്രന്ഥം പ്രസാധനം ചെയ്യുക എന്ന ആശയം ആത്മാവിൽതന്നെ വിലയം പ്രാപിക്കുമായിരുന്നു. നോട്ടുകൾ കുറിക്കുക മുതൽ അസ്സൽ പകർപ്പുവരെയുള്ള ലേഖനവൃത്തിയെല്ലാം ആ സുഹൃത്തിന്റെ വൃത്തിയുള്ള കയ്പടയിലാണ് വാർന്നുവീണിട്ടുള്ളത്. അദ്ദേഹത്തിന്റെ കവിത്വവും, സഹൃദയത്വവും ഗ്രന്ഥരചനയിൽത്തന്നെ പലപ്പോഴും സഹായകമായിട്ടുമുണ്ട്. നാമമാത്രമായ ശിഷ്യത്വത്തിന്റെ പേരിൽ ഇത്രത്തോളം ചെയ്തുതന്നതിനുള്ള കൃതജ്ഞത വാക്കുകൾക്ക് അതീതമാണെന്നു മാത്രമേ പറയുവാനുള്ളൂ. പാണ്ഡിത്യം കൊണ്ടും മേധാശക്തികൊണ്ടും നിരന്തരമായ പരിശ്രമംകൊണ്ടും ആര്യവൈദ്യശാസ്ത്രത്തിൽ പ്രാമാണികനായി വിരാജിക്കുന്ന വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാടവർകൾ ഈ ഗ്രന്ഥം ആമൂലാഗ്രം പരിശോധിച്ച് മർമ്മസ്പർശികളായ പല നിർദ്ദേശങ്ങളും പ്രോത്സാഹകമായ പ്രചോദനവും നൽകിയതിനാലാണ് ഗ്രന്ഥകാരനിൽ ആത്മവിശ്വാസത്തിന്റെ കണികയെങ്കിലും ഉളവായത്. ആചാ

ര്യകല്പനായ അദ്ദേഹത്തോടു നന്ദിപറയുവാൻ ഞാൻ അനർഹനാണ്. സാധാരണ സാഹിത്യകൃതികൾപോലെ ലാഭകരമാവുകയില്ലെന്ന പ്രായോഗികജ്ഞാനമുണ്ടായിട്ടും ഈ പ്രസിദ്ധീകരണത്തിന്റെ ചുമതലയേറ്റെടുത്ത സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഭാഷാസ്നേഹവും ശാസ്ത്രപ്രതിപത്തിയും പ്രശംസനീയമാണെന്നു പറഞ്ഞേ തീരൂ. വിശേഷിച്ച് എന്റെ മാന്യമിത്രങ്ങളായ ശ്രീമാന്മാർ സി.പി. ശ്രീധരനും, അഡ്വക്കേറ്റ് എം.എൻ. ഗോവിന്ദൻ നായരും ഏതദ്വിഷയത്തിൽ തന്നിട്ടുള്ള പ്രോത്സാഹനം ഇതിന്റെ നിമിത്തകാരണവുമാണ്. അവർക്കെല്ലാം എന്റെ അകമഴിഞ്ഞ നന്ദി.

അഷ്ടാംഗഹൃദയപദ്യങ്ങൾ വാക്യങ്ങളായി അംശിച്ചു വ്യാഖ്യാനിക്കകൊണ്ടും വ്യാഖ്യാനത്തിന്റെ വിസ്തൃതി കാരണം ആ പദ്യഖണ്ഡങ്ങൾ തന്നെ വിദൂരസ്ഥങ്ങളായി ചേർക്കേണ്ടിവന്നതുകൊണ്ടും പദ്യങ്ങളുടെ സമഗ്രജ്ഞാനം അനുവാചകനു ലഭിക്കുക ക്ലേശകരമായിരിക്കും. അതിനുംപുറമെ ഗ്രന്ഥപാഠം ഉദ്ധൃതപദ്യങ്ങളിൽനിന്നും തിരിച്ചറിവാൻ പലേടത്തും വിഷമകരമായിത്തീർന്നിരിക്കുന്നു. അവിചാരിതമായി വന്നുചേർന്ന ഈ അസൗകര്യത്തിന് ഒരു പരിഹാരമെന്ന നിലയിൽ അഷ്ടാംഗഹൃദയത്തിലെ വിവർത്തിതപദ്യങ്ങൾ വേർത്തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. ചികിത്സാവിധികളിൽ താൽപ്പര്യമുള്ളവരെ ഉദ്ദേശിച്ച് ആറാം അദ്ധ്യായത്തിന്റെ വിഷയസൂചികയും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

അഷ്ടാംഗഹൃദയവിവർത്തനത്തിന്റെ ഈ പ്രഥമസമ്പുടത്തെ വിനയത്തോടും സങ്കോചത്തോടും കൂടി അഭിജ്ഞലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചുകൊള്ളുന്നു.

'രഞ്ജിനി'

വെങ്കിടങ്ങ്

10.12.1976

**വി.എം. കുട്ടികൃഷ്ണമേനോൻ**

*(കടപ്പാട് : നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം)*


AHSRC, Kottakkal
Ayurvedic Hospital & Research Centre, Delhi
Ayurvedic Hospital & Research Centre, Aluva (Kochi)
Ayurvedic Hospital & Research Centre, Kolkata
കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം
ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
KOTTAKKAL-676 503, KERALA
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com
ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപഠനസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ൽപരം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം